**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 50** **10-02-2025 - ൽ മറുപടിയ്ക്ക്**

**ദീർഘകാല കരാറുകൾ റദ്ദാക്കിയതുമൂലം കെ.എസ്.ഇ.ബി.യ്ക്കുണ്ടായ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുറഞ്ഞ നിരക്കിൽ 465 മെഗാവാട്ട് വൈദ്യുതി ലഭിച്ചിരുന്ന നാല് ദീർഘകാല കരാറുകൾ കെ.എസ്.ഇ.ബി. റദ്ദാക്കാനുണ്ടായ കാരണം വിശദമാക്കുമോ; | (എ) | 465 മെഗാവാട്ട് വൈദ്യുതി ലഭിച്ചിരുന്ന നാല്വ ദീർഘകാല കരാറുകൾ റദ്ദാക്കിയത് കെ.എസ്.ഇ.ബി.എൽ അല്ല. ചട്ടലംഘനം ചൂണ്ടിക്കാട്ടി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) ആണ് ടി കരാറുകൾക്ക് അനുമതി നൽകാതിരുന്നത്. കെ.എസ്.ഇ.ബി.എൽ 2014ൽ DBFOO (Design Build Finance Own and Operate) അടിസ്ഥാനത്തിൽ 2 ബിഡ്ഡുകളിലെ 765 മെഗാവാട്ട് വൈദ്യുതിക്ക് വേണ്ടിയുള്ള ദീർഘകാല കരാറിൽ ഏർപ്പെടുകയുണ്ടായി. എന്നാൽ ടെൻഡർ നടപടികളിലെ വ്യതിയാനം ഉന്നയിച്ച് കമ്മീഷൻ 30.08.2016 ലെ ഉത്തരവ് പ്രകാരം ബിഡ് 1ലെയും ബിഡ് 2ലെയും L-1നു മാത്രമാണ് അനുമതി നൽകിയത്. എന്നാൽ എല്ലാ കരാറുകളിൽ നിന്നും തൽക്കാലത്തേക്ക് വൈദ്യുതി വാങ്ങുവാൻ കേരള സർക്കാരിന്റെ 30.11.2016ലെയും 21.10.2017ലെയും ഉത്തരവ് പ്രകാരം കെ.എസ്.ഇ. ബി.എൽ-ന് അനുമതി നൽകുകയു ണ്ടായി. തുടർന്ന് KSERC ഈ നാല്വ ഉല്പാദന നിലയങ്ങൾക്കു കൽക്കരി നൽകണമെന്ന് ആവശ്യപ്പെട്ടു കത്തും നൽകിയിരുന്നു. ബഹു. കമ്മീഷൻ 14.08.2020 ലെ ഉത്തരവ് പ്രകാരം ടി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ നിരക്കിൽ പരിധിവെക്കുകയുണ്ടായി. ഈ തീരുമാനത്തെ ഉത്പാദകർ ബഹു. APTEL മുൻപാകെ ചോദ്യം ചെയ്യുകയുംAPTEL പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്യുകയും ഉണ്ടായി. KSERC ടി ഉത്തരവിനെ ബഹു. സുപ്രീം കോടതിയിൽ ചോദ്യം ചെയ്തു. ബഹുമാനപ്പെട്ട സുപ്രീം കോടതി 10-2-2023ലെ ഉത്തരവിലൂടെ ഹർജി 3 മാസത്തിനകം തീർപ്പാക്കാൻ KSERC യോട് ആവശ്യപ്പെട്ടു. തുടർന്ന് 10.05.2023 ലെ ഉത്തരവിലൂടെ 465 MW വൈദ്യുതിക്കുള്ള നാല്വ |

| | | | |
|---|---|---|---|
| | | | ദീർഘകാല കരാറുകൾക്ക് അനുമതി നിഷേധിച്ച് KSERC ഉത്തരവ് പുറപ്പെടുവിച്ചു.<br><br>KSERC യുടെ ഉത്തരവ് സംബന്ധിച്ച സർക്കാരിന് നിയമപരമായി സ്വീകരി ക്കുവാൻ കഴിയുന്ന നടപടികളെക്കുറിച്ച് സർക്കാർ വിശദമായി പരിശോധിച്ചു. 108-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗി ക്കാമെന്ന അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാന ത്തിൽ മന്ത്രിസഭാ തീരുമാനപ്രകാരം വൈദ്യുതി നിയമത്തിലെ സെക്ഷൻ 108-ലെ അധികാരം വിനിയോഗിച്ച് കെ.എസ്.ഇ.ആർ.സി-യുടെ ഉത്തരവ് പുന:പരിശോധിയ്ക്കാൻ അവരോട് ആവശ്യപ്പെട്ടു. സർക്കാർ നിർദ്ദേശ ത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകൾക്ക് അംഗീ കാരം നല്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച റിവ്യൂ പെറ്റിഷനിലെ ആവശ്യം അംഗീകരിച്ചു കൊണ്ട് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 29.12.2023-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ കമ്മീഷൻ ഉത്തരവിനെതിരെ വൈദ്യുത വിതരണ കമ്പനികൾ APTEL-നെ സമീപിച്ചതിനെത്തുടർന്ന് കമ്പനി കൾക്ക് അനുകൂല ഉത്തരവ് ലഭിച്ചു. APTEL ഉത്തരവിനെതിരെ KSEBL ബഹു.സുപ്രീം കോടതിയെ സമീപിച്ചു. APTEL ഉത്തരവ് കോടതി ശരിവയ്ക്കുകയാണുണ്ടായെങ്കിലും 10.05.223-ലെ കമ്മീഷൻ ഉത്തരവി നെതിരെ APTEL-നെ സമീപിക്കുവാൻ KSEBL-ന് അനുമതി നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ KSEBL നൽകിയ പുനപരിശോധന ഹർജി APTEL-ന്റെ പരിഗണനയിലാണ്. അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത കരാറുകൾ പ്രകാരം ശരാശരി എത്ര രൂപാ നിരക്കിലായിരുന്നു വൈദ്യുതി ലഭിച്ചിരുന്നതെന്ന് അറിയിക്കുമോ; | (ബി) | കരാർ പ്രകാരം Bid 1ൽ 4.15രൂപയും Bid 2ൽ 4.29 രൂപയുമാണ് റദ്ദാക്കപ്പെട്ട കരാറുകളുടെ പ്രതി യൂണിറ്റിന് വൈദ്യുതി നിരക്ക്. |
| (സി) | കരാറുകൾ റദ്ദാക്കിയതുമൂലം കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ദീർഘകാല കരാറുകൾക്ക് അനുമതി നിഷേധിച്ചതുകൊണ്ടുള്ള അധിക ജല വൈദ്യുതി ഉത്പാദനം മൂലവും പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വാങ്ങിയ വകയിലും കെ.എസ്.ഇ. ബി.എൽ-നു ഇതുവരെ ഏകദേശം 410 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടായിട്ടുണ്ടെന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിന് കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭിക്കുന്ന കരാറുകളിൽ ഏർപ്പെടാൻ | (ഡി) | അനുമതി നിഷേധിച്ച 465 MW നു പകരമായി 500 MW വൈദ്യുതി 5 വർഷത്തേക്ക് ലഭ്യമാക്കുന്നതിന് 07.06.2023 ന് കെ.എസ്.ഇ.ബി.എൽ. മധ്യകാല |

| | | | |
|---|---|---|---|
| | കെ.എസ്.ഇ.ബി.യ്ക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | | ടെണ്ടർ വിളിച്ചുവെങ്കിലും നിരക്ക് (യൂണിറ്റിന് 6.88 രൂപ) കൂടുതൽ ആയതിനാൽ പ്രസ്തുത ടെൻഡർ റദ്ദ ചെയ്യുകയായിരുന്നു. തുടർന്ന് 07.12.2023നു 300 മെഗാവാട്ട് വൈദ്യുതി രണ്ടര വർഷത്തേക്കായി മധ്യ കാല ടെൻഡർ വിളിച്ചെങ്കിലും അതിന്റെയും നിരക്ക് യൂണിറ്റിന് 7.48 രൂപ ആയതിനാൽ ആ ടെൻഡറും റദ്ദ് ചെയ്യുകയായിരുന്നു. ഭാവിയിലെ ആവശ്യകതകൂടി മുന്നിൽ കണ്ടു, കെ.എസ്.ഇ.ബി.എൽ. ദീർഘകാല കരാർ വഴി താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി നെയ്‌വേലി ലിഗ്‌നൈറ്റ് കോർപറേഷൻ ഓഫ് ഇന്ത്യക്കു ഒറീസയിൽ അനുവദിച്ച തലാബിര പിറ്റ് ഹെഡ് കൽക്കരി നിലയത്തിൽനിന്നും 400MW വൈദ്യു തിക്കു കെ.എസ്.ഇ.ബി.എൽ. കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. (പ്രതീക്ഷിത നിരക്ക് യൂണിറ്റിന് 3.06 രൂപ). കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി (SECI) 500 മെഗാവാട്ടിന്റെ storageഓടു കൂടിയ സൗരോർജ്ജത്തിനും നാഷണൽ ഹൈഡ്രോപവർ കോർപ്പ റേഷനുമായി (NHPC) വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പദ്ധതിയിൽ നിന്നും 50 മെഗാവാട്ടിനും ദീർഘകാല കരാറിൽ കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിലയങ്ങളിൽ നിന്നും വൈദ്യുതി അടുത്ത വർഷം മുതൽ ലഭ്യമായി തുടങ്ങും. ഇത് കൂടാതെ ദീർഘകാല കരാറുകൾ 23.12.2024-നു ക്ഷണിച്ചിട്ടുണ്ട്. ടെൻഡർ നടപടിക്രമങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനു പുറമെ സംസ്ഥാന സർക്കാരിന്റെയും കെ.എസ്.ഇ.ബി.എൽ.- ന്റെയും നിരന്തര പരിശ്രമത്തിന്റെ ഫലമായി 500 മെഗാവാട്ടിന്റെ Coal Linkage സംസ്ഥാ നത്തിന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണി ക്കാനുള്ള നടപടികൾആരംഭിച്ചു കഴിഞ്ഞു.<br>ഈ ദീർഘകാല കരാറുകൾ/ ടെൻഡറുകൾക്കു പുറമെ കെ.എസ്.ഇ. ബി.എൽ. വിവിധ ബാങ്കിങ് ക്രമീകര ണങ്ങളിലും, ഹ്രസ്വകാല കരാറുകളിലും ഏർപ്പെട്ടിട്ടാണ് വൈദ്യുതി പ്രതിസന്ധി പരിഹരിച്ചുകൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ